2026
JANUARY
08
THURSDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




### പാരമ്പര്യ കലകൾ ടൂറിസവുമായി ബന്ധപ്പെടുത്തി സംരക്ഷിക്കാൻ

# സാംസ്ക്കാരികനയം രൂപപ്പെടുത്തണം




**കൊച്ചി:** കേരളത്തിലെ പാരമ്പര്യ കലകൾ ടൂറിസവുമായി ബന്ധപ്പെടുത്തി സംരക്ഷിക്കാനും അവയ്ക്ക് സ്ഥിരമായ വേദികൾ കണ്ടെത്തുന്നതിനുമായുള്ള സാംസ്ക്കാരിക നയം രൂപപ്പെടുത്തണമെന്ന് അന്താരാഷ്ട്ര സ്പൈസ് റൂട്ട്സ് സമ്മേളനത്തിലെ വിദഗ്ധർ. കൊച്ചി ബോൾഗാട്ടി പാലസിൽ നടക്കുന്ന ത്രിദിന സമ്മേളനത്തിൽ 'സ്പൈസ് റൂട്ടിന്റെ സാംസ്കാരിക പാരമ്പര്യവും ജീവിതവും' എന്ന സെഷനിലാണ് ഈ അഭിപ്രായം മുന്നോട്ടുവച്ചത്. മിക്ക പാരമ്പര്യ, അനുഷ്ഠാന കലകളും വെല്ലുവിളി നേരിടുന്നുണ്ടെന്നും ഇവയുടെ സംരക്ഷണത്തിനായുള്ള നയപരിപാടികൾ രൂപപ്പെടുത്തേണ്ട സമയം അതിക്രമിച്ചിരിക്കുന്നുവെന്നും പാരമ്പര്യ കലകളുടെ പരിശീലകർ കൂടിയായ പ്രഭാഷകർ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് പറഞ്ഞു.

കൂടിയാട്ടം ഉൾപ്പെടെയുള്ള കലകളുടെ സൗന്ദര്യത്തെ പൂർണതയിൽ അവതരിപ്പിക്കാനുള്ള വേദികൾ ആവശ്യമാണെന്ന് കൂടിയാട്ട ആചാര്യൻ ഡോ. മാർഗി മധു പറഞ്ഞു. കൂടിയാട്ടത്തിന്റെ മിനിയേച്ചർ രൂപമാണ് ഇപ്പോൾ പലയിടത്തും അവതരിപ്പിച്ചു കൊണ്ടിരിക്കുന്നത്. അതല്ലാതെ പൂർണതയിൽ ഇത് കാണികൾക്കു മുന്നിൽ എത്തിക്കണം. ഇതിന് ടൂറിസത്തിന് നിർണായക പങ്ക് വഹിക്കാനാകുമെന്ന് മാർഗി മധു ചൂണ്ടിക്കാട്ടി.വർഷത്തിൽ എല്ലാ ദിവസവും അവതരിപ്പിക്കാവുന്ന തരത്തിൽ സ്ഥിരം പാവകളി വേദി കേരളത്തിന് ആവശ്യമാണെന്ന് തോൽപ്പാവക്കൂത്ത് കലാകാരൻ ഡോ. രാജീവ് പുലവർ പറഞ്ഞു. ടൂറിസവുമായി കോർത്തിണക്കി കേരളത്തിലെ പ്രധാന നഗരങ്ങൾ കേന്ദ്രമാക്കി ഇത്തരം വേദികൾ ഒരുക്കാമെന്ന നിർദേശവും അദ്ദേഹം മുന്നോട്ടുവച്ചു. ഇത് പാവകളിയെ സംരക്ഷിക്കുന്നതിനും വരുംതലമുറയിലേക്ക് ഈ കലാരൂപത്തെ പകർത്തുന്നതിനും കലാകാരൻമാർക്ക് സ്ഥിരവരുമാനത്തിനും സഹായമാകും.

വ്യത്യസ്ത ഭൂപ്രദേശങ്ങളിലായി നാല് തരത്തിലുള്ള പ്രധാന പാവകളി രീതികൾ കേരളത്തിൽ നിലവിലുണ്ടെന്ന് ചൂണ്ടിക്കാട്ടിയ രാജീവ് പുലവർ ഇവയെ സംരക്ഷിക്കാനുള്ള ശ്രമം വേണമെന്നും ഉത്സവകാലം കഴിഞ്ഞാൽ തോൽപ്പാവക്കൂത്ത് കാണാൻ അവസരമില്ലെന്നതാണ് നിലവിലെ സ്ഥിതിയെന്നും രാജീവ് പുലവർ കൂട്ടിച്ചേർത്തു. കൃത്യമായ അക്കാദമിക ചട്ടക്കൂട്, ചിട്ടയായ പരിശീലനം, പ്രൊഫഷണൽ സമീപനം, സാമ്പത്തിക പിന്തുണ എന്നിവയോടെ കൂടുതൽ പേരെ കളരിയിലേക്ക് ആകർഷിക്കുകയും അവർക്ക് കൃത്യമായ അവസരങ്ങൾ നൽകുകയും ചെയ്യണമെന്ന് അഗസ്ത്യ കളരിയിലെ ഡോ. എസ്. മഹേഷ് പറഞ്ഞു. കേരള ടൂറിസത്തിന് ആഗോള തലത്തിൽ ഉയർത്തിക്കാണിക്കാവുന്ന ഏറ്റവും മികച്ച ആയോധന മാതൃകയാണ് കളരിപ്പയറ്റെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. പാരമ്പര്യ, അനുഷ്ഠാന കലകൾ പ്രോത്സാഹിപ്പിക്കുന്നതിൽ ടൂറിസം മേഖലയ്ക്ക് കൈക്കൊള്ളാവുന്ന നടപടികളിൽ ഫലപ്രദമായ ചർച്ചകൾ മുന്നോട്ടുപോകണമെന്ന് സെഷനിൽ മോഡറേറ്ററായിരുന്ന സംസ്ഥാന ഉത്തരവാദിത്ത ടൂറിസം മിഷൻ സൊസൈറ്റി സി.ഇ.ഒ കെ. രൂപേഷ്കുമാർ പറഞ്ഞു.

# മൂന്നാം വർഷവും ഒരു കോടി യാത്രക്കാരുമായി സിയാൽ




**കൊച്ചി:** കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലൂടെ തുടർച്ചയായി മൂന്നാം വർഷവും ഒരു കോടി യാത്രക്കാർ പറന്നു. ദക്ഷിണേന്ത്യയിൽ പ്രതിവർഷം ഒരു കോടി യാത്രക്കാർ ഉപയോഗിക്കുന്ന നാലാമത്തെ വിമാനത്താവളമാണ് സിയാൽ. കേരളത്തിലെ ഒരേയൊരു വിമാനത്താവളവും. 2025 ജനുവരി-ഡിസംബർ കാലയളവിൽ 1,15,19,356 യാത്രക്കാരാണ് സിയാലിലൂടെ യാത്ര ചെയ്തത്. 2024ലെ 1,09,86,296 യാത്രക്കാരെ അപേക്ഷിച്ച് ഏകദേശം 4.85% വളർച്ചയാണ് ഇത്തവണ രേഖപ്പെടുത്തിയത്. ഏകദേശം 5.33 ലക്ഷം യാത്രക്കാരുടെ വർദ്ധനവാണ് ഉണ്ടായിരിക്കുന്നത്. 2025ൽ ഏറ്റവും കൂടുതൽ യാത്രക്കാരുണ്ടായ മാസം മെയ് ആയിരുന്നു. ഏകദേശം 11.07 ലക്ഷം യാത്രക്കാരാണ് മേയ് മാസത്തിൽ സിയാൽ വഴി യാത്ര ചെയ്തത്. ആദ്യമാസമായ ജനുവരിയിൽ 10.44 ലക്ഷം യാത്രക്കാരും അവസാന മാസമായ ഡിസംബറിൽ 10.06 ലക്ഷം യാത്രക്കാരെയുമാണ് സിയാൽ കൈകാര്യം ചെയ്തത്. വർഷമെമ്പാടും സുസ്ഥിര പാസഞ്ചർ ട്രാഫിക് നിലനിർത്താൻ കൊച്ചി വിമാനത്താവളം സുസജ്ജമാണെന്നതിന്റെ തെളിവാണ് ഇത്.

ഈ വർഷം ഇതുവരെ സിയാലിലൂടെ പറന്ന ഒരുകോടി യാത്രക്കാരിൽ 55.17 ലക്ഷം രാജ്യാന്തര യാത്രക്കാരും 60.02 ലക്ഷം പേർ ആഭ്യന്തര യാത്രക്കാരുമാണ്. മൊത്തം 74,689 വിമാനങ്ങൾ ഇക്കാലയളവിൽ സർവീസ് നടത്തി. 2024ൽ ഇത് 75,074 വിമാന സർവീസുകൾ ആയിരുന്നു. ചില എയർലൈനുകളുടെ സർവീസ് നടത്തിപ്പിലുണ്ടായ പ്രശ്നങ്ങളാണ് ഈ കുറവിനുണ്ടായ കാരണം. കഴിഞ്ഞ മെയ് മാസം ഉദ്ഘാടനം ചെയ്ത സിയാൽ 2.0 എന്ന പദ്ധതി യാത്രക്കാർക്ക് ഏറെ ഗുണകരമായിട്ടുണ്ട്. ഡിജിയാത്ര സൗകര്യം, ആഭ്യന്തര ടെർമിനലിലൂടെയുള്ള ട്രാൻസിറ്റ് വേഗത്തിലാക്കി. മെച്ചപ്പെട്ട സൗകര്യങ്ങൾ, ആധുനിക ടെർമിനൽ അന്തരീക്ഷം, സ്മാർട്ട് മാനേജ്മെന്റ് എന്നീ ഡിജിറ്റലൈസ്ഡ് സംവിധാനങ്ങൾ ഫലപ്രദമായി വിനിയോഗിക്കാനും സാധിച്ചു. സെക്യൂരിറ്റി ചെക്കിങ്ങിൽ സമീപ ഭാവിയിൽ തന്നെ ഫുൾ ബോഡി സ്കാനറുകൾ സ്ഥാപിക്കാനും സിയാൽ പദ്ധതിയിടുന്നു. ഇതിലൂടെ ബോഡി ഫ്രിസ്കിങ് ഉൾപ്പെടെയുള്ള കാര്യങ്ങൾ ഇല്ലാതാക്കി, യാത്ര വേഗത്തിലാക്കാൻ സഹായിക്കുമെന്ന് സിയാൽ മാനേജിങ് ഡയറക്ടർ എസ്. സുഹാസ് പറഞ്ഞു. ഡിജിറ്റലൈസേഷൻ, ആധുനിക സുരക്ഷാ സംവിധാനങ്ങൾ തുടങ്ങിയ പുതിയ സംരംഭങ്ങൾ വഴി, ഓരോരുത്തരുടേയും യാത്ര സുഗമവും സുരക്ഷിതവും ആഗോള നിലവാരത്തിലുമാക്കുക എന്നതുമാണ് സിയാലിന്റെ ലക്ഷ്യമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.






# ഇന്നത്തെ പരിപാടി

## കൊച്ചി ബിനാലെ

### ഫോർട്ട് കൊച്ചി

**ബാസ്റ്റിൻ ബംഗ്ലാവ്, എബിസി ആർട്ട് റൂം:** വുഡ്കട്ട് പ്രിന്റ് മേക്കിംഗ് വർക്ക് ഷോപ്പ് രാവിലെ 10 മുതൽ,

**ബാസ്റ്റിൻ ബംഗ്ലാവ്, പവലിയൻ:** ചലച്ചിത്ര പ്രദർശനം-എക്സ്പിരിമെന്റ് ഇന്ത്യ രാത്രി 07 മുതൽ

**വാട്ടർ മെട്രോ സ്റ്റേഷൻ എബിസി ആർട്ട് റൂം:** കലയും പരിസ്ഥിതിയും ശിൽപ്പശാല രാവിലെ 10 മുതൽ

## എറണാകുളം

**മഹാരാജാസ് കോളേജ് ഗ്രൗഡ് :** ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാർഥികൾക്കായി സംഘടിപ്പിക്കുന്ന എം.എൽ.എ കപ്പ് ഫുട്ബോൾ ടൂർണമെന്റ് സീസൺ 4 – രാവിലെ 7 മണി മുതൽ.

**തേവര സെന്റ് ജോസഫ്സ് പള്ളി** : വിശുദ്ധ യൂദാശ്ലീഹായുടെ തിരുന്നാൾ – വൈകുന്നേരം 5.30 ന്

സിയോൺ ഓഡിറ്റോറിയം : ലെൻസ്ഫെഡ് ജില്ല സമ്മേളനം – വൈകുന്നേരം 5ന്

**എറണാകുളം സഹകാർ ഭാരതി ഹാൾ:** ധരബാൽ സാഹിത്യത്തിലെ പ്രധാനപ്പെട്ട മനോഹരവൃക്ഷം എന്ന പുസ്തകത്തെ പറ്റിയുള്ള ചർച്ച- വൈകുന്നേരം 04 ന്

## കാക്കനാട്:

**നോളഡ്ജ് പാർക്ക്, ജെയിൻ യൂണിവേഴ്സിറ്റ് ക്യാമ്പസ്:** 'ഹയാക്കോൺ 1.0' രാജ്യാന്തര കുളവാഴ കോൺഫറൻസ് ഉദ്ഘാടനം, കേന്ദ്രമന്ത്രി ജോർജ്ജ് കുര്യൻ ഉച്ചകഴിഞ്ഞ് 2.20 ന്

## തൃപ്പൂണിത്തുറ

**തൃപ്പൂണിത്തുറ കളി കോട്ട പാലസ് :** മാധ്യമ പ്രവർത്തകനും ചെണ്ട കലാകാരനുമായ രാജീവ് വർമ്മ അനുസ്മരണം – വൈകുന്നേരം 05 ന്

## തിരുവൈരാണിക്കുളം

**തിരുവൈരാണിക്കുളം മഹാദേവ ക്ഷേത്രം :** ശ്രീ പാർവതിദേവിയുടെ നടതുറപ്പ് മഹോത്സവം – പുലർച്ചെ 4 മണി മുതൽ.

## ഉദയംപേരൂർ

**ഉദയപേരൂർ പുത്തൻ പള്ളി :** വിശുദ്ധ സെബസ്ത്യാനോസിന്റെയും ഈശോ മറിയം യോഹന്നാൻ മാംദാനയുടെയും ദർശന തിരുന്നാൾ- രാവിലെ 6.30 മുതൽ

## കോതമംഗലം:

**കോതമംഗലം റവന്യൂ ടവർ അങ്കണം:** ബോധി കലാസാംസ്ക്കാരിക സംഘടന പുസ്തകോൽസവത്തിന്റെ ഭാഗമായുള്ള കവിയരങ്ങ് വൈകുന്നേരം 04.30 ന്

## പിറവം

**മുളക്കുളം കർമേൽക്കുന്ന് സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി :** മാർ സ്തെഫാനോസ് സഹദായുടെ ഓർമപ്പെരുന്നാൾ – രാവിലെ 8.15 മുതൽ.

### പൊക്കാളി നിലങ്ങളിൽ വർഷം മുഴുവൻ സംയോജിത നെല്ല്, മത്സ്യ കൃഷി;

# ശാസ്ത്രീയ പഠനം വേണമെന്ന് കേന്ദ്ര കൃഷി മന്ത്രി



**കൊച്ചി:** കേരളത്തിലെ പൊക്കാളി നിലങ്ങളിൽ വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന സംയോജിത നെല്ല്, മത്സ്യ കൃഷിയുടെ സാധ്യതകൾ വിലയിരുത്താൻ വിശദമായ ശാസ്ത്രീയ പഠനം ആവശ്യമാണെന്ന് കേന്ദ്ര കൃഷി സഹമന്ത്രി രാംനാഥ് താക്കൂർ. കർഷകരുടെയും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെയും വരുമാനം വർധിപ്പിക്കുന്ന രീതിയിൽ പൊക്കാളി കൃഷി കാര്യക്ഷമമാക്കാൻ ഇത് അനിവാര്യമാണെന്നും മന്ത്രി പറഞ്ഞു. നിലവിലെ സീസണൽ നിയന്ത്രണങ്ങൾക്ക് പകരം വർഷം മുഴുവൻ മത്സ്യകൃഷി അനുവദിക്കണമെന്ന കർഷകരുടെ ആവശ്യത്തോട് ജില്ലയിലെ പൊക്കാളി പാടങ്ങൾ സന്ദർശിച്ച ശേഷം സംസാരിക്കുകയായിരുന്നു കേന്ദ്രമന്ത്രി.

നിലവിൽ, ഉപ്പുവെള്ളത്തിന്റെ അംശം കുറവുള്ള ജൂൺ മുതൽ ഒക്ടോബർ വരെയുള്ള കാലയളവിൽ നെൽകൃഷിയും, ലവണാംശം കൂടുതലുള്ള നവംബർ മുതൽ ഏപ്രിൽ വരെ മത്സ്യകൃഷിയുമാണ് അനുവദിച്ചിട്ടുള്ളത്. നിലവിലുള്ള നിയമങ്ങൾ, പരിസ്ഥിതി ആഘാതങ്ങൾ, ദീർഘകാല സാമൂഹികസാമ്പത്തിക പ്രത്യാഘാതങ്ങൾ എന്നിവ സമഗ്രമായി വിലയിരുത്തിയ ശേഷം മാത്രമേ ഇക്കാര്യത്തിൽ നടപടി എടുക്കാനാകൂവെന്ന് കേന്ദ്ര മന്ത്രി വ്യക്തമാക്കി. ഉൽപ്പാദനക്ഷമത, കർഷകരുടെയും പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെയും ഉപജീവനമാർഗ്ഗം, പരിസ്ഥിതി സംരക്ഷണം എന്നിവ തമ്മിൽ സന്തുലിതാവസ്ഥ നിലനിർത്താൻ ശാസ്ത്രീയമായ വിലയിരുത്തലുകൾ അത്യന്താപേക്ഷിതമാണെന്നും മന്ത്രി പറഞ്ഞു. സംസ്ഥാന സർക്കാർ അനുമതി നൽകുകയാണെങ്കിൽ, വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന സംയോജിത കൃഷിയുടെ സാധ്യതകൾ ശാസ്ത്രീയ പഠനത്തിന് വിധേയമാക്കാൻ കെ.വി.കെ തയ്യാറാണെന്ന് സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു. ഇതിനായി കുറഞ്ഞത് 50 ഏക്കർ എങ്കിലും വരുന്ന പൊക്കാളി നിലത്തിൽ പരീക്ഷണാടിസ്ഥാനത്തിൽ കൃഷി നടത്തേണ്ടി വരുമെന്നും അദ്ദേഹം പറഞ്ഞു.

സിഎംഎഫ്ആർഐയിലും കേന്ദ്ര മന്ത്രി സന്ദർശനം നടത്തി. സിഎംഎഫ്ആർഐയുടെയും നാളികേര വികസന ബോർഡിന്റെയും പ്രവർത്തനങ്ങളും സാങ്കേതിക മുന്നേറ്റങ്ങളും വിലയിരുത്തി. പട്ടാളപ്പുഴു ഉപയോഗിച്ച് നിർമിച്ച സിഎംഎഫ്ആർഐയുടെ ഗ്രീൻ ഓർഗാനിക് കമ്പോസ്റ്റ് മന്ത്രി പ്രകാശനം ചെയ്തു. ഡിസൈനർ പേൾ പ്രൊഡക്ഷൻ സാങ്കേതികവിദ്യയെക്കുറിച്ചുള്ള പ്രസിദ്ധീകരണവും സിഫ്റ്റ് വികസിപ്പിച്ച ഉൽപ്പന്നങ്ങളും ചടങ്ങിൽ പുറത്തിറക്കി.ഹോർട്ടികൾച്ചർ കമ്മീഷണർ പ്രഭാത് കുമാർ, സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ്, സിഫ്റ്റ് ഡയറക്ടർ ഡോ ജോർജ് നൈനാൻ, ഡോ ശോഭ ജോ കിഴക്കൂടൻ പ്രസംഗിച്ചു.

# ഹെൽത്ത് കാർഡ് ക്യാമ്പ് സംഘടിപ്പിച്ചു




കെ.വി.വി.ഇ.എസ് പച്ചാളം യൂണിറ്റിൽ സംഘടിപ്പിച്ച ഹെൽത്ത് കാർഡ് ക്യാമ്പിന്റെ ഉദ്ഘാടനം ജില്ലാ വൈസ് പ്രസിഡന്റ് എം.സി.പോൾസൺ ഉദ്ഘാടനം ചെയ്യുന്നു. സുരേഷ് ഗോപി, സി.വി. രാജു, ഡോ.ജോസ് മാത്യു, പി.സി.ജേക്കബ്,ജയ പീറ്റർ, ഷാജഹാൻ അബ്ദുൾ ഖാദർ, പ്രദീപ് ജോസ്, ടിജോ തോമസ് തുടങ്ങിയവർ സമീപം.

**കൊച്ചി:** കേരള വ്യാപാരി വ്യവസായി ഏകോപനസമിതി പച്ചാളം യൂണിറ്റ് എറണാകുളം ടൗൺ നോർത്ത്, വടുതല എന്നീ യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ അംഗങ്ങൾക്കായി ഹെൽത്ത് കാർഡ് ക്യാമ്പ് സംഘടിപ്പിച്ചു. പച്ചാളം യൂണിറ്റ് പ്രസിഡന്റും ജില്ലാ പ്രസിഡന്റുമായി പി.സി.ജേക്കബ് അധ്യക്ഷത വഹിച്ചു. ക്യാമ്പിന്റെ ഉദ്ഘാടനം ജില്ലാ വൈസ് പ്രസിഡന്റ് എം.സി. പോൾസൺ നിർവ്വഹിച്ചു. ജില്ലാ സെക്രട്ടറി ഷാജഹാൻ അബ്ദുൾ ഖാദർ, യൂത്ത് വിംഗ് ജില്ലാ പ്രസിഡന്റ് പ്രദീപ് ജോസ്, വനിതാ വിംഗ് ജില്ലാ പ്രസിഡന്റ് ജയ പീറ്റർ, എറണാകുളം ടൗൺ നോർത്ത് യൂണിറ്റ് പ്രസിഡന്റ് ദീപു ജോസഫ്, ജനറൽ സെക്രട്ടറി ജംഷീർ വാഴയിൽ, വടുതല യൂണിറ്റ് പ്രസിഡന്റ് ബെന്നി, പച്ചാളം യൂണിറ്റ് ജനറൽ സെക്രട്ടറി സി.വി. രാജു, വർക്കിംഗ് പ്രസിഡന്റ് സുരേഷ് ഗോപി, ട്രഷറർ ടിജോ തോമസ്, ജോആൻസ് മെഡിക്കൽ സെന്റർ ഡയറക്ടർ ഡോ. ജോസ് മാത്യു തുടങ്ങിയവർ പ്രസംഗിച്ചു.

# കണക്ട് ടു വർക്ക്: ധനസഹായത്തിന് അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** മുഖ്യമന്ത്രിയുടെ 'കണക്ട് ടു വർക്ക്' പദ്ധതിയുടെ ഭാഗമായി നൈപുണ്യ പരിശീലനത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്കും മത്സര പരീക്ഷകൾക്ക് തയ്യാറെടുക്കുന്നവർക്കും പ്രതിമാസം 1000 രൂപ ധനസഹായം നൽകുന്നു. 18നും 30നും ഇടയിൽ പ്രായമുള്ള യുവതി യുവാക്കൾക്കാണ് ഈ ആനുകൂല്യം ലഭിക്കുക.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നടപ്പിലാക്കുന്ന പദ്ധതിയിലേക്ക് അർഹരായവർക്ക് eemployment.kerala.gov.in എന്ന പോർട്ടൽ വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഭരണഘടന പരിധികളില്ലാത്ത സ്വാതന്ത്ര്യം വാഗ്ദാനം ചെയ്യുന്നില്ല: മുൻ ചീഫ് ജസ്റ്റിസ് ഡോ. ഡി.വൈ ചന്ദ്രചൂഡ്




**കൊച്ചി:** നമ്മുടെ ഭരണഘടന പരിധികളില്ലാത്ത സ്വാതന്ത്ര്യം വാഗ്ദാനം ചെയ്യുന്നില്ലെന്നും ന്യായീകരണമില്ലാത്ത നിയന്ത്രണങ്ങൾക്കും അത് അനുമതി നൽകുന്നില്ലെന്നും സുപ്രീം കോടതി മുൻ ചീഫ് ജസ്റ്റിസ് ഡോ. ഡി വൈ ചന്ദ്രചൂഡ് പറഞ്ഞു. ഏഴാമത് കുലപതി ഡോ. കെ എം മുൻഷി അനുസ്മരണ പ്രഭാഷണം എറണാകുളം ടി ഡി റോഡ് ഭാരതീയ വിദ്യാഭവൻ സർദാർ പട്ടേൽ സഭാ ഗൃഹത്തിൽ നടത്തുകയായിരുന്നു അദ്ദേഹം.ഭൂമിശാസ്ത്രപരമായ ഒരു അഭ്യാസമായി മാത്രമല്ല സാർവ്വലൗകിക പുനർനിർമാണത്തിന്റെ പ്രവർത്തനമായി ഭരണഘടന നിർമ്മാണത്തെ സമീപിച്ച വ്യക്തിയായിരുന്നു ഡോ. കെ.എം മുൻഷി.

ഡോ. കെ എം മുൻഷിയുടെ പൈതൃകം ഭരണഘടനയുടെ എഴുത്തിലൊതുങ്ങുന്നതല്ല. ഒരു രാഷ്ട്രം സ്വയം എങ്ങനെ മനസ്സിലാക്കുന്നു എന്നതിനെ രൂപപ്പെടുത്തുന്ന സ്ഥാപനങ്ങളിലൂടെയാണ് അത് തുടരുന്നത്.വിയോജിപ്പുകൾ പ്രോത്സാഹിപ്പിക്കുന്നതിലൂടെ മാത്രമല്ല ഒരു ജനാധിപത്യം നിലനിൽക്കുന്നത് വിയോജിപ്പുകൾക്ക് രൂപവും നിയന്ത്രണവും ഒടുവിൽ പരിഹാരവും എങ്ങനെ നൽകാം എന്നറിയുന്നതിനാലാണെന്ന് അദ്ദേഹം മനസ്സിലാക്കി.ഭരണഘടനാപരമായ ജനാധിപത്യം പരിപക്വത കൈവരിക്കുന്നത് അപകടസാധ്യതകളെ പൂർണ്ണമായി ഇല്ലാതാക്കുമ്പോഴല്ല മറിച്ച് സ്വാതന്ത്ര്യം തന്നെയാണ് നിയന്ത്രിക്കേണ്ട ഒരു പ്രശ്നമെന്ന നിലയിൽ കാണുന്ന ഘട്ടത്തിലാണ്.

സ്വാതന്ത്ര്യത്തെ നിയന്ത്രിക്കേണ്ട പ്രശ്നമായി കാണുന്ന നിമിഷം തന്നെ, അത് ജനാധിപത്യത്തിനുള്ള ഏറ്റവും വലിയ അപകടങ്ങളിൽ ഒന്നായി മാറുന്നു. സമൂഹം മുഴുവൻ ന്യായീകരിക്കാനാകുന്ന, ക്രമബദ്ധമായ നിയന്ത്രണങ്ങളാണ് സ്വാതന്ത്ര്യത്തിന് ആവശ്യമായത്. സ്വാതന്ത്ര്യമെന്നാൽ വ്യക്തതയോടെയും നിയന്ത്രണത്തോടെയും ആത്മവിശ്വാസത്തോടെയും തിരഞ്ഞെടുക്കാൻ നമ്മുക്ക് കഴിയുന്നുണ്ടോ എന്നതുമാണ്. നിങ്ങൾക്കു നല്ലത് എന്താണെന്ന് ഞങ്ങൾ തീരുമാനിക്കും എന്ന് രാഷ്ട്രീയ അധികാരം അവകാശപ്പെടുന്ന നിമിഷമാണ് സ്വാതന്ത്ര്യത്തിനുള്ള യഥാർത്ഥ അപകടം ആരംഭിക്കുന്നത്. അപ്പോൾ സ്വാതന്ത്ര്യം നിയന്ത്രണത്തിനെതിരെയുള്ള സംരക്ഷണമല്ല, മറിച്ച് നിയന്ത്രണത്തിന് സർട്ടിഫിക്കേഷനായി മാറുന്നു.

വിയോജിപ്പിനെ അക്രമമാക്കി ചിത്രീകരിക്കാതെ അതിനെ സഹിക്കാൻ ശക്തിയുള്ള സ്ഥാപനങ്ങളെയാണ് അത് അഭിലഷിക്കുന്നത്. വിയോജിപ്പിനെ അക്രമമായി തെറ്റിദ്ധരിക്കുക വളരെ എളുപ്പമാണെന്നും അദ്ദേഹം പറഞ്ഞു. ഭാരതീയ വിദ്യാഭവൻ കൊച്ചി കേന്ദ്ര ചെയർമാൻ വേണുഗോപാൽ സി. ഗോവിന്ദ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. കേരള ഹൈക്കോടതി ജസ്റ്റിസ് ദേവൻ രാമചന്ദ്രൻ, കൊച്ചി കേന്ദ്ര ഡയറക്ടർ ഇ. രാമൻ കുട്ടി, പ്രോഗ്രാംസ് ചീഫ് കോർഡിനേറ്റർ മീന വിശ്വനാഥൻ തുടങ്ങിയവർ സംസാരിച്ചു.

# ‘ഹയാക്കോൺ 1.0 ’ രാജ്യാന്തര കോൺഫറൻസിന് ഇന്ന് തുടക്കമാകും

**കൊച്ചി:**ജലാശയങ്ങളിൽ കുളവാഴകൾ സൃഷ്ടിക്കുന്ന പാരിസ്ഥിതിക വെല്ലുവിളികൾക്ക് പരിഹാരം കാണുന്നതിനും അവയുടെ ഫലപ്രദമായ മൂല്യവർദ്ധനവിനും വിനിയോഗത്തിനുമായുള്ള നൂതന മാർഗങ്ങൾ ചർച്ച ചെയ്യുന്നതിനായി കൊച്ചി ജെയിൻ സർവകലാശാലയുടെ ഫ്യൂച്ചർ കേരള മിഷൻ സംഘടിപ്പിക്കുന്ന രാജ്യാന്തര കോൺഫറൻസ് ‘ഹയാക്കോൺ 1.0’ ഇന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ ഉദ്ഘാടനം ചെയ്യും. കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി, എംപെഡ, ട്രാൻസ് വേൾഡ്, കേളചന്ദ്ര എന്നിവരുടെ സഹകരണത്തോടെ 10 വരെ നടക്കുന്ന ത്രിദിന കോൺഫറൻസ് യൂണിവേഴ്സിറ്റി ക്യാമ്പസിലാണ് നടക്കുന്നത്. വൈകുന്നേരം മൂന്നിന് നടക്കുന്ന ഉദ്ഘാടന ചടങ്ങിൽ രമേശ് ചെന്നിത്തല എം.എൽ.എ, ഹൈബി ഈഡൻ എം.പി എന്നിവർ വിശിഷ്ടാതിഥികളാകും.

ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ കുളവാഴയിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെയും ബന്ധപ്പെട്ട മെഷിനറികളുടെയും പ്രദർശനത്തിന്റെ ഉദ്ഘാടനം നിർവഹിക്കും. ജെയിൻ സർവകലാശാല ചാൻസലർ ഡോ. ചെൻരാജ് റോയ്ചന്ദ്, ഫ്യൂച്ചർ കേരള മിഷൻ ചെയർമാൻ പ്രൊഫ. വേണു രാജാമണി, പ്രോ വൈസ് ചാൻസലർ പ്രൊഫ. ഡോ. ജെ. ലത, ജെയിൻ യൂണിവേഴ്സിറ്റി ന്യൂ ഇനിഷ്യേറ്റീവ്സ് ഡയറക്ടർ ഡോ. ടോം ജോസഫ് എന്നിവർ പങ്കെടുക്കും.ജനുവരി 9, 10 തിയതികളിൽ 6 സെഷനുകളായി കുളവാഴ നിയന്ത്രണത്തിനായുള്ള രാജ്യാന്തര രീതികളെയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളെയും കുറിച്ചുള്ള ഗഹനമായ ചർച്ചകൾ നടക്കും. കൃഷിമന്ത്രി പി. പ്രസാദ്, ബംഗ്ലാദേശ്, ദക്ഷിണാഫ്രിക്കൻ ഹൈക്കമ്മീഷൻ പ്രതിനിധികൾ, നൈജീരിയ, കെനിയ, യുകെയിലെ ന്യൂകാസിൽ സർവകലാശാല, ഇന്തോജർമ്മൻ ബയോഡൈവേഴ്സിറ്റി പ്രോഗ്രാം എന്നിവിടങ്ങളിലെ വിദഗ്ധരുടെ പ്രബന്ധങ്ങളും സമ്മേളനത്തിൽ അവതരിപ്പിക്കും. കേരള സ്റ്റാർട്ടപ്പ് മിഷൻ, കേരള സംസ്ഥാന തണ്ണീർത്തട അതോറിറ്റി, കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം, സൗത്ത് ഏഷ്യൻ തണ്ണീർത്തട ഏജൻസി, ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക്, എം. എസ്. സ്വാമിനാഥൻ ഫൗഷേൻ, കേരളത്തിലെ വിവിധ വ്യവസായ സംഘടനാ പ്രതിനിധികൾ എന്നിവരും ചർച്ചകളുടെ ഭാഗമാകും. കൂടാതെ അസം, ജാർഖണ്ഡ്, പശ്ചിമ ബംഗാൾ, ഒഡീഷ, പുതുച്ചേരി, ചണ്ഡീഗഡ് തുടങ്ങിയവിടങ്ങളിൽ നിന്നുള്ള പ്രതിനിധികളും കേരളത്തിലെ വിവിധ സ്ഥാപനങ്ങളിൽ നിന്നുള്ളവരും കുളവാഴ നിർമാർജന മൂല്യവർദ്ധന മാതൃകകൾ പങ്കുവെക്കും.

ജനുവരി 10ന് കുളവാഴ നിയന്ത്രണത്തിനായി ദേശീയ സംസ്ഥാന തലങ്ങളിൽ സ്വീകരിക്കേണ്ട നയരൂപീകരണത്തെക്കുറിച്ചുള്ള ചർച്ചകൾ നടക്കും. ഫിഷറീസ് മന്ത്രി സജി ചെറിയാൻ, പി.കെ. കുഞ്ഞാലിക്കുട്ടി എം.എൽ.എ എന്നിവർ പങ്കെടുക്കുന്ന സെഷനിൽ ശാസ്ത്ര സാങ്കേതിക വിദഗ്ധരും വിവിധ സർവകലാശാലകളിലെ വൈസ് ചാൻസർമാരും, സംസ്ഥാന ജൈവ വൈവിധ്യ ബോർഡ്, കുടുംബശ്രീ തുടങ്ങിയവരുടെ പ്രതിനിധികളും പങ്കെടുക്കും.

## ഗസ്റ്റ് ലെക്ചറർ ഒഴിവ്

**കൊച്ചി:** എറണാകുളം മഹാരാജാസ് കോളേജിലെ ജിയോളജി വിഭാഗത്തിൽ 2025-26 അധ്യയന വർഷത്തേക്ക് അതിഥി അധ്യാപക ഒഴിവ്. ജിയോളജിയിൽ ബിരുദാനന്തര ബിരുദമാണ് അടിസ്ഥാന യോഗ്യത. നെറ്റ്, പി.എച്ച്.ഡി, എന്നിവയുള്ളവർക്കും പ്രവൃത്തിപരിചയമുള്ളവർക്കും മുൻഗണനനളായിരിക്കും. എറണാകുളം കോളേജ് വിദ്യാഭ്യാസ വകുപ്പ് ഉപമേധാവിയുടെ കാര്യാലയത്തിലെ ഗസ്റ്റ് ലക്ചറർ പാനലിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാം. താൽപ്പര്യമുള്ളവർ അസ്സൽ സർട്ടിഫിക്കറ്റുകളും അവയുടെ ഒരു സെറ്റ് പകർപ്പുകളുമായി ജനുവരി 12 തിങ്കളാഴ്ച രാവിലെ 10.30 ന് പ്രിൻസിപ്പലുടെ ഓഫീസിൽ നടത്തുന്ന അഭിമുഖത്തിന് നേരിട്ട് ഹാജരാകേണ്ടതാണ്. ഫോൺ : 0484-2363038

## പട്ടികവർഗക്കാർക്ക് സൗജന്യ സിവിൽ സർവീസ് പരിശീലനം: അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** പട്ടികവർഗക്കാർക്കായി സൗജന്യ സിവിൽ സർവീസ് പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു. 30 വയസ്സിന് താഴെ പ്രായമുള്ളവർക്കും 50 ശതമാനം മാർക്കോടെ ബിരുദം നേടിയവർക്കും (അവസാന സെമസ്റ്റർ പരീക്ഷാഫലം കാത്തിരിക്കുന്നവർ ഉൾപ്പെടെ) അപേക്ഷിക്കാം. കുടുംബ വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ കവിയരുത്. മെറിറ്റ് അടിസ്ഥാനത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന 50 പേർക്ക് തിരുവനന്തപുരത്ത് ഒരു മാസത്തെ ഓറിയന്റേഷൻ ക്ലാസും, അതിനുശേഷം സ്ക്രീനിംഗ് ടെസ്റ്റിലൂടെ തിരഞ്ഞെടുക്കപ്പെടുന്ന 30 പേർക്ക് പ്രമുഖ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ ഒരു വർഷത്തെ സൗജന്യ കോച്ചിംഗും നൽകുന്നതാണ്. കോഴ്സ് ഫീ, താമസം, ഭക്ഷണം എന്നിവ വകുപ്പ് വഹിക്കും. താൽപ്പര്യമുള്ളവർ അപേക്ഷ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം ജനുവരി-15 ന് വൈകീട്ട് അഞ്ചിന് മുൻപായി ഡയറക്ടർ, പട്ടികവർഗ വികസന വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ നേരിട്ടോ തപാൽ വഴിയോ അപേക്ഷകൾ സമർപ്പിക്കണം.

## സൗജന്യ പരീക്ഷ പരിശീലനം

**കൊച്ചി:** പട്ടികജാതി വികസന വകുപ്പിന് കീഴിൽ ആലുവ സബ് ജയിൽ റോഡിന് സമീപം പ്രവർത്തിച്ചു വരുന്ന ഗവ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററിൽ സൗജന്യ പരിശീലന ക്ലാസുകൾക്കായി അപേക്ഷ ക്ഷണിച്ചു. എറണാകുളം, കോട്ടയം ഇടുക്കി, ആലപ്പുഴ ജില്ലകളിലുള്ള പട്ടികജാതി / പട്ടികവർഗ്ഗ /മറ്റർഹ പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. എസ്.എസ്.എൽ.സി, പ്ലസ് ടു എന്നിവ അടിസ്ഥാന യോഗ്യതയാക്കി കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകൾക്കാണ് പരിശീലനം നൽകുന്നത്. ഒരു ലക്ഷത്തിൽ താഴെ വരുമാനമുള്ള ഒ.ബി.സി/ ഒ.ഇ.സി വിഭാഗത്തിൽപ്പെട്ടവർക്ക് 30% സീറ്റ് അനുവദനീയമാണ്. പരിശീലനത്തിന് തിരഞ്ഞെടുക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നിയമാനുസൃതമുള്ള സ്റ്റൈപ്പന്റ് ലഭിക്കുന്നതാണ്. അപേക്ഷകർ ജാതി, വരുമാനം, എസ്.എസ്.എൽ. സി, സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം ജനുവരി 20 വൈകീട്ട് 5ന് മുൻപായി അപേക്ഷ സമർപ്പിക്കണം. അപേക്ഷ ഫോറത്തിന്റെ മാതൃക ബന്ധപ്പെട്ട ജില്ലാ പട്ടികജാതി വികസന ഓഫീസുകളിലും ബ്ലോക്ക് പട്ടികജാതി വികസന ഓഫീസുകളിലും, ഗവ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളിൽ നിന്നും ലഭിക്കും. ഫോൺ 0484-2623304, 9188581148, 6282858374

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** വനിതാ ശിശുവികസന വകുപ്പിന് കീഴിലുള്ള എറണാകുളം ജില്ലാതല ഐ.സി.ഡി.എസ് സെല്ലിന്റെ പരിധിയിൽ അങ്കണവാടി വർക്കർമാരുടെ 35 പേരടങ്ങുന്ന ടീമിന് 32 ദിവസം ജോബ് ട്രെയിനിങ് (ബാച്ച്1) നൽകുന്നതിന് ക്ലാസ് മുറി, താമസം, ഭക്ഷണം, വെള്ളം, വൈദ്യുതി, ഇന്റർനെറ്റ് സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കാൻ താൽപര്യമുള്ള സ്ഥാപനങ്ങളിൽ നിന്നും ടെൻഡർ ക്ഷണിച്ചു. ജനുവരി 12 ന് ഉച്ചയ്ക്ക് 1 വരെ ടെൻഡർ സമർപ്പിക്കാം. ഫോൺ : 0484-2423934

## ഡ്യൂവൽ സർട്ടിഫിക്കേഷനും ജോലിയും

**കൊച്ചി:** സംസ്ഥാന തൊഴിൽ വകുപ്പിന് കീഴിൽ ചവറയിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷനിൽ ബി.ടെക് അവസാന വർഷ വിദ്യാർത്ഥികൾക്കായി ‘ഡ്യൂവൽ സർട്ടിഫിക്കേഷൻ’ പദ്ധതി പ്രഖ്യാപിച്ചു. ആറാം സെമസ്റ്റർ വരെ ബാക്ക്ലോഗ് ഇല്ലാത്ത എട്ടാം സെമസ്റ്റർ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ വിദ്യാർത്ഥികൾക്കാണ് അവസരം. കോഴ്സ് വിജയകരമായി പൂർത്തിയാക്കുന്നവർക്ക് അഡ്വാൻസ്ഡ് ഡിപ്ലോമ സർട്ടിഫിക്കറ്റും മുൻനിര കമ്പനികളിൽ നേരിട്ടുള്ള തൊഴിൽ നിയമനവും ലഭിക്കും. ആറുമാസം ദൈർഘ്യമുള്ള പരിശീലനത്തിൽ നാലുമാസം ഇൻസ്റ്റിറ്റ്യൂട്ടിലും രണ്ടുമാസം പ്രമുഖ കമ്പനികളിലുമാണ് പ്രായോഗിക പരിശീലനം നൽകുന്നത്. സിവിൽ വിഭാഗത്തിന് ബിം, ക്വാണ്ടിറ്റി സർവേയിംഗ് തുടങ്ങിയ മേഖലകളിലും, മെക്കാനിക്കൽ/ഇലക്ട്രിക്കൽ വിഭാഗത്തിന് എം.ഇ.പി. സിസ്റ്റം ആൻഡ് ഫെസിലിറ്റി മാനേജ്മെന്റിലുമാണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്ക് www.iiic.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.ഫോൺ : 8078980000

സൊസൈറ്റി ടുഡേ
SOCIETY TODAY

# ഡിസംബറിൽ 13,470 യൂണിറ്റുകൾ കയറ്റുമതി ചെയ്ത് നിസ്സാൻ മോട്ടോർ ഇന്ത്യ

**കൊച്ചി** : നിസ്സാൻ മോട്ടോർ ഇന്ത്യ ഡിസംബർ മാസത്തിൽ 13,470 യൂണിറ്റുകൾ കയറ്റുമതി ചെയ്തു. കഴിഞ്ഞ 10 വർഷത്തിനിടയിലെ കമ്പനിയുടെ ഏറ്റവും ഉയർന്ന പ്രതിമാസ കയറ്റുമതിയാണിത്. ഡിസംബറിൽ ആഭ്യന്തര വിപണിയിൽ 1,902 യൂണിറ്റ് വിൽപ്പന നടത്തി. ഇത് 2025 ഡിസംബറിലെ മൊത്തം ഏകീകൃത വിൽപ്പന 15,372 യൂണിറ്റായി ഉയർത്തി. ഇത് നിസ്സാന്റെ മെയ്ഡ് ഇൻ ഇന്ത്യ കയറ്റുമതിയുടെ സുസ്ഥിരമായ ശക്തിയെ അടിവരയിടുന്നു. വികസിച്ചുകൊണ്ടിരിക്കുന്ന ഇന്ത്യൻ ഉപഭോക്തൃ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി വികസിപ്പിച്ചെടുത്ത ശക്തമായ ഉൽപ്പന്ന നിരയുമായി നിസ്സാൻ മോട്ടോർ ഇന്ത്യ വളർച്ചയുടെ അടുത്ത ഘട്ടത്തിലേക്ക് കടക്കുകയാണ്. 2026 ജനുവരി 21 ന് പുതിയ ഗ്രാവൈറ്റ് 7സീറ്റർ ബിഎംപിവി പുറത്തിറക്കുന്നതോടെ വരാനിരിക്കുന്ന ശ്രേണി ആരംഭിക്കും, തുടർന്ന് 2026 ഫെബ്രുവരി 4 ന് നിസ്സാൻ ടെക്ടൺ 5സീറ്റർ സിഎസ്യുവിയുടെ ആഗോള അവതരണം നടക്കും. ഇതിനെത്തുടർന്ന് 2027 ൽ 7സീറ്റർ സിഎസ്യുവിയും പുറത്തിറക്കും. വരാനിരിക്കുന്ന എല്ലാ ഉൽപ്പന്നങ്ങളും ഇന്ത്യയിൽ നിർമ്മിക്കുമെന്ന് നിസ്സാൻ മോട്ടോർ ഇന്ത്യയുടെ മാനേജിംഗ് ഡയറക്ടർ സൗരഭ് വത്സ പറഞ്ഞു.

# യമഹ ആർ15 സീരീസിന് 5000 രൂപ വരെ വിലക്കുറവ്



**കൊച്ചി:** എഴുപതാം വാർഷികത്തിന്റെ ഭാഗമായി യമഹ മോട്ടോർസ് ആർ15 സീരീസിൽ 5,000 രൂപയുടെ പ്രത്യേക വിലക്കുറവ് പ്രഖ്യാപിച്ചു. യമഹ ആർ15 സീരീസ് ഇപ്പോൾ 1,50,700 രൂപയാണ് എക്സ് ഷോറൂം വില. ജനുവരി 5 മുതൽ ഈ ഓഫർ പ്രാബല്യത്തിൽ വന്നതായി കമ്പനി അധികൃതർ അറിയിച്ചു. റേസ് പ്രചോദിത ഡിസൈൻ, ആധുനിക സാങ്കേതികവിദ്യ, ദൈനംദിന യാത്രാസൗകര്യം എന്നിവയിലൂടെ ഇന്ത്യയിലെ എൻട്രിലെവൽ പെർഫോമൻസ് മോട്ടോർസൈക്കിൾ വിഭാഗത്തിൽ ആർ15 നിർണായക സ്ഥാനം നേടിയിട്ടുണ്ട്. ഇന്ത്യയിൽ ഒരു ദശലക്ഷത്തിലധികം യൂണിറ്റുകളുടെ ഉൽപ്പാദനം പൂർത്തിയാക്കിയതോടെ യമഹയുടെ ശക്തമായ വിപണി സാന്നിധ്യവും ഈ മോഡൽ തെളിയിക്കുന്നു. 155 സിസി ലിക്വിഡ്കൂൾഡ് എഞ്ചിൻ, ഡെൽറ്റബോക്സ് ഫ്രെയിം, ട്രാക്ഷൻ കൺട്രോൾ, അസിസ്റ്റ് സ്ലിപ്പർ ക്ലച്ച് തുടങ്ങിയ സവിശേഷതകളോടെ ആർ15 സീരീസ് പ്രകടനാധിഷ്ഠിത മോട്ടോർസൈക്കിളായി തുടർന്നും മുൻനിരയിൽ നിലകൊള്ളുന്നുവെന്ന് കമ്പനി അറിയിച്ചു.

# കേരളത്തിൽ വളർച്ച നേടി റിലയൻസ് ജിയോ

**കൊച്ചി / ന്യൂഡൽഹി:** റിലയൻസ് ജിയോ 2025 നവംബർ മാസത്തിൽ 12 ലക്ഷം പുതിയ ഉപഭോക്താക്കളെ ചേർത്തതായി അധികൃതർ. സജീവ ഉപയോക്തൃ എണ്ണത്തിലും ജിയോ തന്നെയാണ് മുന്നിൽ. കേരളത്തിൽ 41,000 പുതിയ വരിക്കാരെയാണ് ജിയോ നേടിയത്.

ഇൻഡസ്ട്രിയിലെ മൊത്തം സജീവ ഉപയോക്താക്കളുടെ എണ്ണം 34 ലക്ഷം കുറഞ്ഞപ്പോൾ പോസറ്റീവ് വളർച്ച റിപ്പോർട്ട് ചെയ്ത ഏക ഓപ്പറേറ്റർ ജിയോ മാത്രമാണ്. ജിയോയുടെ മാർക്കറ്റ് ഷെയർ വളർച്ചയും ശ്രദ്ധേയമായി. 22 ടെലികോം സർക്കിളുകളിൽ 17 ലും സജീവ ഉപഭോക്താക്കളെ നേടുന്നതിൽ ജിയോ മുന്നിലെത്തി, ഏറ്റവും വലിയ വളർച്ച ജമ്മു ആന്റ് കശ്മീർ, പഞ്ചാബ് പ്രദേശങ്ങളിൽ രേഖപ്പെടുത്തി.

ബ്രോഡ്ബാൻഡ് വിഭാഗത്തിലും ജിയോ ആധിപത്യം നിലനിർത്തി. മൊബൈൽ ബ്രോഡ്ബാൻഡ്, ഫിക്സഡ് വയർലെസ് ആക്സസ് (FWA), അൺലൈസൻസ്ഡ് ബാൻഡ് റേഡിയോ (UBR) എന്നിവയിൽ പുതിയ വരിക്കാരിൽ 68% ജിയോ സ്വന്തമാക്കി.

നവംബറിൽ ആക്ടീവ് ഉപയോക്താക്കൾ കുറഞ്ഞെങ്കിലും, 2025ൽ ഇതുവരെ സബ്സ്ക്രൈബർ കൂട്ടിച്ചേർക്കലും ഡേറ്റാ ഉപഭോഗം ഉയർന്നതും ആവറേജ് റവന്യു പെർ യൂസർ (ARPU) വളർച്ചയ്ക്ക് സഹായിക്കുമെന്നാണ് ഈ രംഗത്തെ നിരീക്ഷകരുടെ വിലയിരുത്തൽ

# കേരളത്തിന്റെ ഗാർമെന്റ് വിപണി തുറക്കുന്നത് വലിയ നിക്ഷേപ സാധ്യതകൾ: മന്ത്രി പി. രാജീവ്




**കൊച്ചി:** രാജ്യത്ത് വസ്ത്ര ഉപഭോഗം ഏറ്റവും കൂടിയ സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളമെന്ന് വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ് പറഞ്ഞു. അങ്കമാലി അഡ്‌ലക്സ് ഇന്റർനാഷണൽ കൺവെൻഷൻ സെന്ററിൽ നടക്കുന്ന ഐ.എഫ്.എഫ്. ഫാഷൻ എക്സ്പോ 2026 ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്തിന്റെ നിക്ഷേപ സൗഹൃദ വ്യവസായാന്തരീക്ഷം ഉപയോഗപ്പെടുത്തി റെഡി മെയ്ഡ് ഗാർമെന്റ്,ഫാഷൻ മേഖലയിലെ സുപ്രധാന ഉൽപാദന കേന്ദ്രമായി കൂടി കേരളം മാറാൻ കഴിയുമെന്നും മന്ത്രി പി. രാജീവ് പറഞ്ഞു.

കേരളത്തിൽ നിർമ്മിക്കുന്ന വസ്ത്ര ബ്രാൻഡുകൾ ഇത്തവണത്തെ പ്രദർശനത്തിൽ ഉൾപ്പെടുത്തിയതിൽ അഭിമാനമുണ്ട്. അമേരിക്കൻ താരിഫ് വർദ്ധനവിന് ശേഷം രാജ്യത്തെ ഗാർമെന്റ് വ്യവസായം പുതിയ വിപണികൾ തേടുന്ന നിർണായക ഘട്ടത്തിലൂടെയാണ് കടന്നു പോവുന്നത്. വസ്ത്ര, ലൈഫ്സ്റ്റൈൽ ഉൽപ്പന്നങ്ങളിലെ ശക്തമായ ആഭ്യന്തര ആവശ്യകത കേരളത്തിന് ഉത്പാദനത്തിലൂടെ പ്രയോജനപ്പെടുത്താനും നേട്ടമുാക്കാനുമുള്ള വഴി തുറക്കുകയാണ്. ഇതിന് ഐ.എഫ്.എഫ് പോലുള്ള ട്രേഡ് പ്ലാറ്റ്ഫോമുകൾ നിർമ്മാതാക്കളെയും വ്യാപാരികളെയും ബന്ധിപ്പിക്കുന്നതിൽ നിർണായകമാണെന്നും മന്ത്രി പറഞ്ഞു. സമ്മേളനത്തിൽ ഐ.എഫ്.എഫ്. ഡയറക്ടർ സമീർ മൂപ്പൻ അദ്ധ്യക്ഷത വഹിച്ചു.

അങ്കമാലി എം.എൽ.എ. റോജി എം. ജോൺ, ഐ.എഫ്.എഫ്. എക്സ്പോ ഡയറക്ടർമാരായ പി.പി സാദിഖ് , സമീർ മൂപ്പൻ, പി.വി ഷാനവാസ് , ഷാനിർ ജോനകശ്ശേരി, പി.വി ഷഫീക്ക്, പ്രമോദ് ചന്ദ്രൻ , ശിവദാസ് , മുജീബ് റഹ്മാൻ, വി എം എച്ച് അഹമ്മദുള്ള, അയ്യൂബ് ഖാൻ എന്നിവർ സംസാരിച്ചു. കൽക്കത്ത, ജയ്പൂർ, സുറത്ത്, മുംബൈ എന്നിവിടങ്ങളിലെ പ്രധാന ഫാഷൻ ഹബ്ബുകളടക്കം 200ലധികം ബ്രാൻഡുകൾ പങ്കെടുക്കുന്നുണ്ട്. കേരളത്തിലെ ഫാഷൻ വ്യാപാരത്തിനുള്ള ശക്തമായ ബി ടു ബി വേദിയാണ് എക്സ്പോ. 3000ത്തിലധികം ബിസിനസ് സന്ദർശകരാണ് എക്സ്പോയിൽ എത്തിചേരുക.

# സാംസങ് ഗാലക്സി ബുക്ക് 6 ലാപ്ടോപ്പുകൾ അവതരിപ്പിച്ചു

**കൊച്ചി:** സാംസങ് ഇലക്ട്രോണിക്സ് പുതിയ ഗാലക്സി ബുക്ക് 6 അൾട്രാ, ഗാലക്സി ബുക്ക് 6 പ്രോ, ഗാലക്സി ബുക്ക് 6 ലാപ്ടോപ്പുകൾ എന്നിവ അവതരിപ്പിച്ചു. ഇന്റൽ കോർ അൾട്രാ സീരീസ് 3 പ്രോസസറുകളുമായി (ഇന്റൽ 18എ സാങ്കേതികവിദ്യ) എത്തുന്ന ഈ സീരീസ്, എഐ അധിഷ്ഠിത ഉൽപാദനക്ഷമതയും ശക്തമായ പ്രകടനവും ഒരുമിപ്പിക്കുന്നതാണെന്ന് കമ്പനി അധികൃതർ അവകാശപ്പെട്ടു. വേഗമേറിയ പ്രോസസിംഗ്, മെച്ചപ്പെട്ട മൾട്ടിടാസ്കിംഗ്, എഐ പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ എൻപിയു എന്നിവ ഗാലക്സി ബുക്ക് 6 സീരീസിന്റെ പ്രധാന സവിശേഷതകളാണ്. ഗാലക്സി ബുക്ക് 6 അൾട്രാ മോഡലിൽ എൻവീഡിയ ജിഫോഴ്സ് ആർടിഎക്സ് 5070/5060 ലാപ്ടോപ് ജിപിയു ഉൾപ്പെടുത്തിയിട്ടുണ്ടെന്നും ഇത് കണ്ടന്റ് ക്രിയേഷൻ, വീഡിയോ എഡിറ്റിംഗ്, ഗെയിമിംഗ് തുടങ്ങിയ അനുഭവങ്ങൾ മെച്ചപ്പെടുത്തുമെന്നും സാംസങ് കമ്പനി അധികൃതർ അറിയിച്ചു.

സ്ലിം ഡിസൈനിനൊപ്പം മെച്ചപ്പെട്ട കൂളിംഗ് സംവിധാനവും ദീർഘകാല ബാറ്ററി ലൈഫും ഈ സീരീസിന്റെ പ്രത്യേകതയാണ്. ആദ്യമായി ഗാലക്സി ബുക്ക് പ്രോ സീരീസിലും വേഗർ ചേംബർ കൂളിംഗ് ഉപയോഗിച്ചിരിക്കുന്നു. സാംസങ് നോക്സ് സുരക്ഷാ സംവിധാനവും വിൻ




ഡോസ് 11 സെക്യൂർഡ്കോർ പിസി ഫീച്ചറുകളും ഉപയോക്തൃ ഡാറ്റയ്ക്ക് കൂടുതൽ സംരക്ഷണം നൽകുന്നു. ഗാലക്സി ബുക്ക് 6 അൾട്രാ, പ്രോ , ബുക്ക് 6 മോഡലുകൾ ഗ്രേയും സിൽവർ നിറങ്ങളിലും 2026 ജനുവരി അവസാനം മുതൽ തിരഞ്ഞെടുക്കപ്പെട്ട വിപണികളിൽ ലഭ്യമാകും. ഗാലക്സി ബുക്ക് 6 എന്റർ പ്രൈസസ് പതിപ്പ് ഏപ്രിൽ 2026 മുതൽ ചില വിപണികളിൽ അവതരിപ്പിക്കും

# സംഗീത പരിപാടികൾ യാത്രകളെ സ്വാധീനിക്കുന്നുവെന്ന് എയർ ബിഎൻബി സർവ്വേ

**കൊച്ചി :** ഇന്ത്യയിലെ ചെറുപ്പക്കാർക്കിടയിൽ അവരുടെ യാത്രകളെ നിർണ്ണയിക്കുന്ന ഒരു ഘടകമായി സംഗീത പരിപാടികൾ ഉയർന്നുവരുന്നതായി എയർ ബിഎൻബി സർവ്വേ. 'എയർ ബിഎൻബി എക്സ്പീരിയൻസ് ലെഡ് ട്രാവൽ ഇൻസൈറ്റ്സ്' എന്ന സർവ്വേ പ്രകാരം ഈ വർഷം ജെൻ സീ യാത്രക്കാരിൽ 62 ശതമാനം പേരും കൺസെർട്ടുകൾക്കും സംഗീതപരിപാടികൾക്കുമായി യാത്ര ചെയ്യാൻ പദ്ധതിയിടുന്നുവെന്ന് പറയുന്നു.

സർവേയിൽ പങ്കെടുത്ത 76 ശതമാനം പേരും സംഗീത പരിപാടിക്കായി പുതിയൊരു നഗരം ആദ്യമായി സന്ദർശിച്ചവരാണ്. യുവസഞ്ചാരികളിൽ പത്തിൽ ആറ് പേരും തങ്ങളുടെ പ്രതിമാസ വരുമാനത്തിന്റെ 21 മുതൽ 40 ശതമാനം വരെ ഇത്തരം സംഗീതയാത്രകൾക്കും അനുഭവങ്ങൾക്കുമായി നീക്കിവയ്ക്കാൻ തയ്യാറാണ്. പുതു തലമുറയിലെ 1,102 ഓളം യുവാക്കളാണ് സർവ്വേയിൽ പങ്കെടുത്തത്.

സംഗീത പരിപാടികളിലും സംഗീതാഘോഷങ്ങളിലും വർദ്ധിച്ചുവരുന്ന താൽപ്പര്യം പുതിയൊരു തരം സഞ്ചാര സമൂഹം ഉയർന്നുവരുന്നതിന് വഴിയൊരുക്കിയിട്ടുണ്ടെന്ന് എയർ ബിഎൻബിയുടെ ഇന്ത്യ, തെക്കുകിഴക്കൻ ഏഷ്യ കൺട്രി ഹെഡ് അമൻപ്രീത് ബജാജ് പറഞ്ഞു. ലൊല്ലാപലൂസ ഇന്ത്യ പോലുള്ള ബൃഹത് ഫോർമാറ്റ് സംഗീതോത്സവങ്ങളുടെ വർദ്ധിച്ചുവരുന്ന ജനപ്രീതി സാംസ്കാരികമായ ഈ മാറ്റത്തെ പ്രതിഫലിപ്പിക്കുന്നതാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# കേരളത്തിന്റെ സുഗന്ധവ്യഞ്ജന വ്യാപാരത്തെ ശക്തിപ്പെടുത്തിയത് ജനങ്ങളും സംസ്കാരങ്ങളും




**കൊച്ചി:** വിവിധ രാജ്യങ്ങളിലെ ജനങ്ങളുടെയും വ്യത്യസ്ത സംസ്കാരങ്ങളുടെയും സംഭാവനകളാണ് പുരാതനകാലം മുതൽ കേരളത്തെ സുഗന്ധവ്യഞ്ജന വ്യാപാരത്തിന്റെ ശക്തികേന്ദ്രമായി മാറ്റിയതിന് പിന്നിലെന്ന് അന്താരാഷ്ട്ര സ്പൈസ് റൂട്ട്സ് കോൺഫറൻസിൽ പങ്കെടുത്ത വിദഗ്ധർ പറഞ്ഞു. ബോൾഗാട്ടി പാലസിൽ നടക്കുന്ന മൂന്ന് ദിവസത്തെ സമ്മേളനത്തിൽ സ്പൈസ് റൂട്ട്സ് പീപ്പിൾ, ഗുഡ്സ് ആൻഡ് ഐഡിയാസ് ഇൻ മോഷൻ എന്ന വിഷയത്തിൽ നടന്ന പാനൽ ചർച്ചയിലാണ് ഈ അഭിപ്രായം ഉയർന്നത്. കേരളം വെറും വ്യാപാരകേന്ദ്രം മാത്രമായിരുന്നില്ലെന്നും പല സംസ്കാരങ്ങൾ ഒന്നിച്ചുകൂടിയ ഇടമായിരുന്നെന്നും അവർ വ്യക്തമാക്കി. അതിർത്തികൾ ഉണ്ടാകുന്നതിന് മുമ്പേ സ്പൈസ് റൂട്ടുകൾ ലോകത്തെ ബന്ധിപ്പിച്ചിരുന്നതായി ഉദ്ഘാടന സമ്മേളനത്തിൽ സംസാരിച്ച കേരള ടൂറിസം ഡയറക്ടർ ശിഖ സുരേന്ദ്രൻ പറഞ്ഞു.

കേവലം തുറമുഖമായി മാത്രമല്ല ആഗോള പ്രസ്ഥാനത്തിന്റെ കേന്ദ്രമായി മുസിരിസ് നിലകൊണ്ടിരുന്നുവെന്നും വിവിധ നാഗരികതകൾ പരസ്പരം കുമുട്ടുകയും ചർച്ചകൾ നടത്തുകയും പഠിക്കുകയും ചെയ്ത സ്ഥലം കൂടിയായിരുന്നുവെന്നും അവർ പറഞ്ഞു. കേരളത്തിൽ നിന്നുള്ള സുഗന്ധവ്യഞ്ജനങ്ങൾ ദൂരദേശങ്ങളിലേക്ക് പോകുകയും അവിടെ നിന്നുള്ള ആശയങ്ങൾ തിരിച്ചെത്തി സമൂഹങ്ങളെയും സംസ്കാരത്തെയും ജീവിതരീതികളെയും പരിവർത്തനപ്പെടുത്തി. വേഗത്തിൽ മാറ്റങ്ങൾ നടപ്പാകുന്ന ഈ കാലഘട്ടത്തിൽ പൈതൃകം സ്ഥിരമല്ലെന്ന് ഇവ നമ്മെ ഓർമ്മിപ്പിക്കുന്നതായി അവർ കൂട്ടിച്ചേർത്തു. കേരളത്തിന്റെ ചരിത്രപരമായ വ്യാപാരത്തെക്കുറിച്ച് സംസാരിച്ച കണ്ണൂർ സർവകലാശാല മുൻ വൈസ് ചാൻസലർ പ്രൊഫ. മൈക്കിൾ തരകൻ പറഞ്ഞു.

1920 ൽ ബ്രിട്ടീഷ് ഭരണകൂടവും മദ്രാസ് സർക്കാരും തിരുവിതാംകൂർ കൊച്ചി സർക്കാരുകളും തമ്മിലുായ ഇൻറർപോർട്ടൽ ട്രേഡ് കൺവെൻഷൻ കൊച്ചിയെ പ്രധാന തുറമുഖമാക്കുകയും പിന്നീടത് കൊളോണിയൽ വ്യാപാരത്തിന്റെ കേന്ദ്രമായി മാറുകയും ചെയ്തതായി പ്രൊഫ. മൈക്കിൾ തരകൻ ചൂണ്ടിക്കാട്ടി. ഫ്യൂഡലൈസേഷൻ നിമിത്തം യൂറോപ്യൻ വിപണികൾ സ്തംഭിച്ചപ്പോൾ മലബാറിൽ നിന്നുള്ള കുരുമുളകും മറ്റ് സുഗന്ധവ്യഞ്ജനങ്ങളും അറബ് വ്യാപാര ശൃംഖലകളിലൂടെ യൂറോപ്പിലേക്കും വടക്കേ അമേരിക്കയിലേക്കും എത്തിയിരുന്നതായി ജവഹർലാൽ നെഹ്റു സർവകലാശാലയുലെ മുൻ പ്രൊഫസർ പയസ് മാലേകണ്ടത്തിൽ പറഞ്ഞു.

എട്ടാം നൂറ്റാണ്ടിൽ മെഡിറ്ററേനിയൻ, അറ്റ്ലാന്റിക് തുറമുഖങ്ങളിൽ വ്യാപാരം നടന്ന പ്രധാന ചരക്കുകളിൽ ഒന്നായിരുന്നു കേരളത്തിലെ കുരുമുളകെന്നും അദ്ദേഹം വ്യക്തമാക്കി. 14, 15 നൂറ്റാണ്ടുകളിൽ ജർമ്മനിയിൽ കുരുമുളക് ഔഷധമായി ഉപയോഗിച്ചിരുന്നു. 14-52 നും 14-59 നും ഇടയിലുള്ള കാലയളവിൽ ജർമ്മൻ നഗരമായ കോളണിൽ 91,342 പൗണ്ട് കുരുമുളകും 45,354.5 പൗണ്ട് ചുക്കും 800.5 പൗണ്ട് ഇഞ്ചിയും വിറ്റഴിച്ച 45 കടകൾ ഉണ്ടായിരുന്നതായും അദ്ദേഹം പറഞ്ഞു.


ഹുണ്ടിക സമ്പ്രദായവും, ബന്ധുത്വ കടമെടുപ്പ് ശൃംഖലകളും ഇന്ത്യൻ വ്യാപാരികളെ ബ്രിട്ടീഷുകാരുടെ അടിമത്ത സമ്പ്രദായത്തിനെതിരെയുള്ള നിയന്ത്രണങ്ങളെ മറികടക്കാൻ സഹായിച്ചുവെന്ന് സോമയ്യ വിദ്യാവിഹാർ സർവകലാശാലയിലെ അസോസിയേറ്റ് പ്രൊഫസറായ ഡോ. ഛരായ ഗോസ്വാമി പറഞ്ഞു.നിരന്തരമായ മനുഷ്യ സഞ്ചാരമായിരുന്നു ഇന്ത്യൻ മഹാസമുദ്രത്തിലെ പ്രധാന ആകർഷണവും, കൂടാതെ ചുറ്റുമുള്ള വ്യാപാര മേഖലയുമായി ബന്ധം സ്ഥാപിക്കാൻ സഹായിച്ചതുമെന്ന് സെഷനിൽ ഓൺലൈനായി പങ്കെടുത്ത ദോഹ ഇൻസ്റ്റിറ്റ്യൂട്ടിലെ ഡോ. ഫഹദ് ബിഷാര പറഞ്ഞു. കേരള ട്രാവൽ മാർട്ട് സൊസൈറ്റി സെക്രട്ടറി എസ്. സ്വാമിനാഥനും സംസാരിച്ചു.

അക്കാദമിക് വിദഗ്ധർ, ചരിത്രകാരൻമാർ, പുരാവസ്തു ഗവേഷകർ, നയതന്ത്രജ്ഞർ, ടൂറിസം മേഖലയിലെ പ്രതിനിധികൾ, കലാകാരൻമാർ, സാംസ്കാരിക പ്രവർത്തകർ എന്നിവർ സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്. ജനുവരി 6 മുതൽ 8 വരെ നടക്കുന്ന സമ്മേളനം മുസിരിസ് ഹെറിറ്റേജ് പ്രോജക്ട്സും കേരള ടൂറിസം വകുപ്പും ചേർന്നാണ് സംഘടിപ്പിച്ചിരിക്കുന്നത്. ഇന്ത്യയിൽ ആദ്യമായാണ് ഇത്തരമൊരു സമ്മേളനം നടക്കുന്നത്.

# ഗാന്ധിചരിത്രം ഓർമ്മിപ്പിച്ച് കൊച്ചി ബിനാലെ കലാസൃഷ്ടി

**കൊച്ചി:** കൊച്ചിമുസിരിസ് ബിനാലെ 2025ന് അനുബന്ധമായി മട്ടാഞ്ചേരി ബസാർ റോഡിലെ ക്യൂബ് ആർട്ട് സ്പേസിൽ നടത്തുന്ന ഇടം കലാപ്രദർശനത്തിൽ മഹാത്മാ ഗാന്ധിയെയും അദ്ദേഹത്തിന്റെ അവസാന നാളുകളെയും കുറിച്ച് അടയാളപ്പെടുത്തുന്ന കലാപ്രദർശനം ശ്രദ്ധേയമാകുന്നു. 'യു ഐ കുഡ് നോട്ട് സേവ്, വാക്ക് വിത്ത് മി' (You I Could not Save, Walk with Me) എന്ന പേരിൽ ഒരുക്കിയിരിക്കുന്ന ഈ പ്രദർശനം കാഴ്ചക്കാരനെ ഏറെ ചിന്തിപ്പിക്കുന്നതാണ്. കേരള ലളിതകലാ അക്കാദമി ചെയർമാൻ മുരളി ചീരോത്ത്, ഫോട്ടോഗ്രാഫർ സുധീഷ് ഏഴുവത്ത്, കവി പി.എൻ. ഗോപീകൃഷ്ണൻ, ജയരാജ് സുന്ദരേശൻ എന്നിവരുടെ കൂട്ടായ പരിശ്രമമാണ് ഈ പ്രദർശനം.

യുദ്ധങ്ങളും വംശഹത്യകളും വർഗീയ കലാപങ്ങളും കൊ് ലോകം കലുഷിതമായിരിക്കുമ്പോൾ ഗാന്ധിയൻ ചിന്തകൾക്ക് ഏറെ പ്രസക്തിയുന്ന് ഈ പ്രദർശനം ഓർമ്മിപ്പിക്കുന്നു. ഗാന്ധിജിയുടെ ജീവിതത്തിലെ അവസാനത്തെ രണ്ട് വർഷങ്ങളാണ് ഇതിന്റെ പ്രധാന പ്രമേയം. അദ്ദേഹത്തിന്റെ ലാളിത്യവും ദർശനങ്ങളുടെ ആഴവും വ്യക്തമാക്കുന്ന ഫോട്ടോഗ്രാഫുകൾ, വീഡിയോകൾ, കവിതകൾ, ഇൻസ്റ്റാളേഷനുകൾ എന്നിവ ഇവിടെ പ്രദർശിപ്പിച്ചിട്ടുണ്ട്. ഗാന്ധി വധത്തിന് പിന്നിലുള്ളവരുടെ വിചാരണാദൃശ്യങ്ങളും തോക്കുകളുടെ മാതൃകകളും ഉൾപ്പെടുത്തിയ വലിയ സ്ക്രീനുകൾ ചരിത്രത്തിലെ കറുത്ത ദിനങ്ങളെ ഓർമ്മിപ്പിക്കുന്നു. കലാപങ്ങൾ നടന്നിടങ്ങളിലൂടെയും ഗാന്ധിജി സമാധാന സന്ദേശവുമായി സഞ്ചരിച്ച പാതകളിലൂടെയും നടത്തിയ ഗവേഷണത്തിന്റെ ഫലമായാണ് പ്രദർശനം തയ്യാറാക്കിയതെന്ന് മുരളി ചീരോത്ത് പറഞ്ഞു.



കൃത്യമായ ചരിത്രരേഖകൾ പൊതുജനങ്ങൾക്ക് മുന്നിലെത്തിക്കുക എന്നതാണ് തങ്ങളുടെ ലക്ഷ്യമെന്ന് ഫോട്ടോഗ്രാഫർ സുധീഷ് ഏഴുവത്ത് വ്യക്തമാക്കുന്നു. ഇന്ത്യ സ്വാതന്ത്ര്യം നേടിയ കാലത്ത് കൽക്കത്തയിലും നവഖാലിയിലും ബീഹാറിലും ഉണ്ടായ വർഗീയ ലഹളകൾക്കിടയിൽ സമാധാനത്തിനായി ഗാന്ധിജി നടത്തിയ ഒറ്റയാൾ പോരാട്ടങ്ങൾ പ്രദർശനത്തിൽ പുനരാവിഷ്കരിക്കുന്നു.

മാനുഷികമായ ഇടപെടലുകളിലൂടെ സമാധാനം കൈവരിക്കാനാകുമെന്ന് അദ്ദേഹം അന്ന് തെളിയിച്ചുവെന്ന് പി.എൻ ഗോപീകൃഷ്ണൻ അഭിപ്രായപ്പെടുന്നു.

## യെസ്ഡി അഡ്വഞ്ചറും റോഡ്സ്റ്ററും ഇനി ആമസോണിലും ഫ്ളിപ്കാർട്ടിലും



**കൊച്ചി :** ജാവാ യെസ്ഡി മോട്ടോർസൈക്കിൾസിന്റെ ഏറ്റവും കൂടുതൽ വിൽപ്പന നേടിയ 2025 യെസ്ഡി അഡ്വഞ്ചറും യെസ്ഡി റോഡ്സ്റ്ററും ഇനി ആമസോണിലും ഫ്ളിപ്കാർട്ടിലും ലഭ്യമാണ്. ഇതുവരെ ഷോറൂമുകളിലൂടെ മാത്രം ലഭ്യമായിരുന്ന ഈ മോഡലുകൾ ഉത്സവ സീസണിൽ കഴിഞ്ഞ വർഷത്തേക്കാൾ മികച്ച വിൽപ്പന രേഖപ്പെടുത്തിയിരുന്നു. ഓൺലൈൻ വിൽപ്പനയിലൂടെ രാജ്യത്തുടനീളം ഉപഭോക്താക്കൾക്ക് ബൈക്ക് വാങ്ങൽ കൂടുതൽ എളുപ്പമാക്കുകയാണ് കമ്പനിയുടെ ലക്ഷ്യം. പ്രീമിയം ക്ലാസിക് മോട്ടോർസൈക്കിളുകൾ ആദ്യമായി ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ അവതരിപ്പിച്ച ബ്രാൻഡുകളിലൊന്നാണ് ജാവാ യെസ്ഡി. ശക്തിപ്പെടുത്തിയ ഡീലർ നെറ്റ്വർക്കിന്റെ പിന്തുണയോടെയാണ് ഈ ഡിജിറ്റൽ വിപുലീകരണം. ഇന്ത്യയിലുടനീളമുള്ള റൈഡർമാർക്ക് ക്ലാസിക് മോട്ടോർസൈക്കിളിംഗ് അനുഭവം കൂടുതൽ സമീപ്യമാക്കുമെന്ന് സഹസ്ഥാപകൻ അനുപം തറേജ പറഞ്ഞു

## നാരിശക്തി സൗജന്യ ബേക്കിംഗ് കോഴ്സ്: അപേക്ഷകൾ ക്ഷണിച്ച് വി ഗാർഡ്

**കൊച്ചി:** വിഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് നടത്തിവരുന്ന നാരിശക്തി പദ്ധതിയുടെ ഭാഗമാകാൻ അപേക്ഷകൾ ക്ഷണിച്ചു.

വിധവകൾക്കും സിംഗിൾ മദേഴ്സിനുമായി നടത്തിവരുന്ന സൗജന്യ നൈപുണ്യ വികസന പരിശീലന പദ്ധതിയായ നാരിശക്തിയുടെ സൗജന്യ ബേക്കിംഗ് കോഴ്സിലേക്കാണ് ഇപ്പോൾ അപേക്ഷകൾ ക്ഷണിച്ചിരിക്കുന്നത്. വിഗാർഡ് നാരിശക്തി പദ്ധതിയുടെ ഭാഗമായി തയ്യൽ, ബ്യൂട്ടീഷ്യൻ കോഴ്സുകൾ നടപ്പ് സാമ്പത്തിക വർഷത്തിൽ നടത്തിയിരുന്നു. സ്വയം തൊഴിൽ കത്തെുവാൻ ശ്രമിക്കുന്ന വിധവകൾക്കും സിംഗിൾ മദേഴ്സിനും ഈ പദ്ധതി സഹായകരമാകുമെന്നതിനാലാണ് നാരിശക്തിയുടെ രാംഘട്ടം നടപ്പാക്കുവാൻ വിഗാർഡ് ഇൻഡസ്ട്രീസ് മുൻകൈയെടുക്കുന്നത്. സമൂഹത്തിലെ തൊഴിൽ രഹിതരായ വനിതകൾക്ക് പുതിയ ജീവിതമാർഗ്ഗം തുറന്നു കൊടുക്കുക എന്ന ലക്ഷ്യത്തോടെ വെൽഫെയർ സർവീസ് എറണാകുളവുമായി (സഹൃദയ) സഹകരിച്ചാണ് വിഗാർഡ് ഇൻഡസ്ട്രീസ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ജനുവരി 27 മുതൽ 15 ദിവസം നീു നിൽക്കുന്ന കോഴ്സിൽ കേക്ക്, കുക്കീസ്, വിവിധ തരം ബ്രെഡുകൾ തുടങ്ങിയവ ബേക്ക് ചെയ്യുന്നതിൽ പരിശീലനം ലഭിക്കും. കൂടാതെ ബുക്ക് കീപ്പിംഗ്, സാമ്പത്തീക സാക്ഷരത, ബാങ്കിംഗ് എന്നീ വിഷയങ്ങളിലും പരിശീലനം നൽകും. പരിശീലനം പൂർത്തിയാക്കുന്നവർക്ക് തൊഴിൽ സഹായവും നൽകുന്നതാണ്. സഹൃദയയുടെ നോർത്ത് പറവൂരുള്ള സഹൃദയ ട്രെയിനിംഗ് സെന്ററിൽ വച്ചായിരിക്കും പരിശീലനം നൽകുന്നത്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ പേര് മുൻകൂട്ടി രജിസ്റ്റർ ചെയ്യേതാണ്. കൂടുതൽ വിവരങ്ങൾക്കായി 9744439337 എന്ന നമ്പറിൽ ബന്ധപ്പെടുക.

## സ്മാർട്ട്ഗേറ്റ്വേയിൽ ഡിജിറ്റൽ രൂപ ഏകീകരിച്ച് എച്ച്ഡിഎഫ്സി ബാങ്ക്

**കൊച്ചി :** റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ സെൻട്രൽ ബാങ്ക് ഡിജിറ്റൽ കറൻസിയായ ഡിജിറ്റൽ രൂപ എച്ച്ഡിഎഫ്സി ബാങ്ക്, ഓൺലൈൻ മർച്ചന്റ് പേയ്മെന്റ് പ്ലാറ്റ്ഫോമായ സ്മാർട്ട്ഗേറ്റ്വേയുമായി ഏകീകരിച്ചു. ഇതിലൂടെ യുപിഐ, കാർഡുകൾ, നെറ്റ് ബാങ്കിംഗ് എന്നിവയ്ക്കൊപ്പം ഡിജിറ്റൽ രൂപ പേയ്മെന്റുകൾ സ്വീകരിക്കാൻ വ്യാപാരികൾക്ക് കഴിയും. ഉപഭോക്താക്കൾക്ക് വേഗതയേറിയതും സുരക്ഷിതവും ആർബിഐ പിന്തുണയുള്ളതുമായ ഡിജിറ്റൽ പേയ്മെന്റ് അനുഭവമാണ് ഇതിലൂടെ ലഭിക്കുന്നതെന്ന് ബാങ്ക് അധികൃതർ വ്യക്തമാക്കി. 2025 ഡിസംബർ വരെ ഏകദേശം 8.45 ലക്ഷം രജിസ്റ്റർ ചെയ്ത സിബിഡിസി വാലറ്റുകൾ എച്ച്ഡിഎഫ്സി ബാങ്ക് സേവനം നൽകുന്നുണ്ട്. പുതിയ ഏകീകരണം വേഗത്തിലുള്ള സെറ്റിൽമെന്റും പ്രവർത്തന ചെലവ് കുറയ്ക്കലും വ്യാപാരികൾക്ക് ഉറപ്പാക്കുന്നു.

## സീറോഫോറക്സ് ഡയമ് റിസർവ് ക്രെഡിറ്റ് കാർഡുമായി ഐഡിഎഫ്സി ഫസ്റ്റ് ബാങ്ക്

**കൊച്ചി :** അന്താരാഷ്ട്രതലത്തിൽ സഞ്ചരിക്കുന്ന ഉപഭോക്താക്കളെ ലക്ഷ്യമിട്ട് ഐഡിഎഫ്സി ഫസ്റ്റ് ബാങ്ക് സീറോഫോറക്സ് ഡയമണ്ട് റിസർവ് ക്രെഡിറ്റ് കാർഡ് പുറത്തിറക്കി. അന്താരാഷ്ട്ര ചെലവുകളിൽ 0% ഫോറക്സ് മാർക്കപ്പ്, ഹോട്ടൽ,ഫ്ളൈറ്റ് ബുക്കിംഗുകളിൽ വേഗത്തിലുള്ള റിവാർഡുകൾ, ആഭ്യന്തരവും അന്താരാഷ്ട്രവുമായ ലോഞ്ച് ആക്സസ്, ഗോൾഫ് ആനുകൂല്യങ്ങൾ, എയർപോർട്ട് മീറ്റ് ആൻഡ് ഗ്രീറ്റ് സേവനങ്ങൾ എന്നിവയാണ് കാർഡിന്റെ പ്രധാന സവിശേഷതകൾ. പ്രീമിയം യാത്രയും ലൈഫ്സ്റ്റൈലും സമന്വയിപ്പിക്കുന്ന മികച്ച ഓഫറാണ് കാർഡ് വഴി ലഭിക്കുന്നതെന്ന് ബാങ്ക അധികൃതർ വ്യക്തമാക്കി.

# വനിതാ സംരംഭകത്വം രാജ്യവ്യാപകമാക്കണം: കേന്ദ്ര സഹമന്ത്രി രാംനാഥ് താക്കൂർ



**കൊച്ചി:** നാളികേര വികസന ബോർഡ് നടപ്പിലാക്കി വരുന്ന വനിതാ സംരംഭകത്വവും കർഷകകേന്ദ്രിത പദ്ധതികളും രാജ്യവ്യാപകമാക്കണമെന്ന് കേന്ദ്രകൃഷിവകുപ്പ് സഹമന്ത്രി രാംനാഥ് താക്കൂർ. നാളികേര വികസന ബോർഡിന്റെ സഹായത്തോടെ തൃശൂർ ജില്ലയിൽ പ്രവർത്തിക്കുന്ന നാളികേര സംസ്കരണ യൂണിറ്റും നാളികേര കർഷക ക്ലസ്റ്റർ പ്രദേശങ്ങളും സന്ദർശിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. വനിതാ സംരംഭകയായ ശ്രീമതി സുമില ജയരാജിന്റെ ഉടമസ്ഥതയിൽ, ബോർഡിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന ഗ്രീൻ ഓറ ഇന്റർനാഷണൽ സന്ദർശിച്ച മന്ത്രി സംരംഭത്തിൽ സംതൃപ്തി പ്രകടിപ്പിക്കുകയും, കാർഷികാധിഷ്ഠിത മൂല്യവർദ്ധനവ്, സംസ്കരണ മേഖലകളിൽ വനിതാ സംരംഭകത്വത്തെ കേന്ദ്ര ഗവൺമെന്റ് പ്രോത്സാഹിപ്പിക്കുന്നുണ്ടെന്ന് ചൂണ്ടിക്കാണിക്കുകയും ചെയ്തു. കാർഷിക വരുമാനം വർദ്ധിപ്പിക്കുന്നതിലും, ഗ്രാമീണ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും, കാർഷിക മൂല്യ ശൃംഖലകൾ ശക്തിപ്പെടുത്തുന്നതിലും സ്ത്രീകൾ നയിക്കുന്ന സംരംഭങ്ങൾ നിർണായക പങ്ക് വഹിക്കുന്നുണ്ടെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി.

നിലവാരം കുറഞ്ഞ തൂൾ തേങ്ങാ ഇറക്കുമതി ഇന്ത്യയിൽ നിന്നുള്ള ഉത്പന്നങ്ങളുടെ ഗുണനിലവാരത്തെ പ്രതികൂലമായി ബാധിക്കുമെന്ന് ആശങ്ക സംരംഭകർ മന്ത്രിയെ ധരിപ്പിക്കുകയുണ്ടായി. നാളികേര കർഷകരുടെയും സംരംഭകരുടെയും താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി അത്തരം ഇറക്കുമതികൾ നിയന്ത്രിക്കണമെന്ന് അവർ അഭ്യർത്ഥിച്ചു. ബോർഡിന്റെ സഹായത്തോടെ നാളികേര കർഷക സംഘങ്ങളെ ഏകോപിപ്പിക്കൽ, തെങ്ങുകയറ്റ പരിശീലനം, സംയോജിത നാളികേര സംസ്കരണ യൂണിറ്റ് പ്രവർത്തനം എന്നിവയിൽ സജീവമായ സംഘടനയായ തൃശൂരിലെ ഗ്രീൻ ആർമി എന്ന എൻജിഒ സന്ദർശിച്ച മന്ത്രി പ്രവർത്തനങ്ങൾ വിലയിരുത്തി. വിലസ്ഥിരത ഉറപ്പാക്കുന്നതിന് പൊതുവിതരണ സംവിധാനത്തിലൂടെ വെളിച്ചെണ്ണ വിതരണം പരിഗണിക്കണമെന്ന് ഗ്രീൻ ആർമി ആവശ്യപ്പെട്ടു.നാളികേര വികസന ബോർഡിന്റെ കർഷക കേന്ദ്രീകൃത പദ്ധതികൾ കർഷക പങ്കാളിത്തം, സാങ്കേതികവിദ്യകളുടെ സ്വീകാര്യത, വിഭവങ്ങളുടെ കാര്യക്ഷമമായ വിനിയോഗം, സുസ്ഥിര വരുമാനം വർദ്ധനവ് എന്നിവ ഉറപ്പാക്കുന്നുവെന്ന അദ്ദേഹം അഭിപ്രായപ്പെട്ടു. നാളികേര കർഷകരുടെ ക്ഷേമത്തിനായി ബോർഡിനെ കൂടുതൽ ശക്തിപ്പെടുത്തേണ്ടതിന്റെയും നാളികേര മേഖലയിൽ വർദ്ധിച്ച നിക്ഷേപത്തിന്റെയും ആവശ്യകത അദ്ദേഹം എടുത്തു പറഞ്ഞു. നാളികേര വികസന ബോർഡ് തൃശൂർ ജില്ലയിലെ വേളൂർ, പുലിയന്നൂർ എന്നിവിടങ്ങളിൽ സുസ്ഥിര ഉത്പാദനക്ഷമതാ വർധനവിനുള്ള സമഗ്ര കേര വികസന പദ്ധതി - കേരാധിഷ്ഠിത ഇടവിളകളിലൂടെ പദ്ധതി നടപ്പിലാക്കുന്ന നാളികേര കർഷക ക്ലസ്റ്ററുകളും മന്ത്രി സന്ദർശിച്ചു. കർഷക കൂട്ടായ്മകളിലൂടെ 2025-26 കാലയളവിൽ കേരളത്തിൽ 8,300 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കുന്ന ഈ പദ്ധതി ഏകദേശം 33,250 കർഷകർക്ക് പ്രയോജനം ലഭിക്കും.

ബോർഡ് ഈ വർഷം രാജ്യത്തുടനീളം 27,000 ഹെക്ടർ വിസ്തൃതി പ്രദേശത്ത് ഈ പദ്ധതി പ്രകാരം നടപ്പിലാക്കുന്നു. മെച്ചപ്പെട്ട പരിപാലനരീതികൾ, ഇടവിളകൾ, മണ്ണിന്റെ ആരോഗ്യ പോഷണ നടപടികൾ എന്നിവ സ്വീകരിക്കാൻ ഈ പദ്ധതി കർഷകരെ സഹായിക്കുന്നു. ബോർഡിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഡോ. പ്രഭാത് കുമാർ, ബഹുവിള സമ്പ്രദായങ്ങളെക്കുറിച്ച് മന്ത്രിക്കു വിശദീകരിച്ചു കൊടുത്തു. ജാതി, കുരുമുളക്, റംബുട്ടാൻ, മാംഗോസ്റ്റീൻ, സ്റ്റാർ ഫ്രൂട്ട്, മാവ്, പ്ലാവ്, വാഴ, ഇഞ്ചി, പച്ചക്കറികൾ തുടങ്ങിയ ഇടവിളകൾ തെങ്ങിനൊപ്പം കൃഷി ചെയ്യുന്നതായി അദ്ദേഹം വിവരിച്ചു.

# 46,735 ഇലക്ട്രിക് കാറുകൾ വിറ്റ് എം.ജി വിൻഡ്സർ



**കൊച്ചി:** 2025ൽ എം.ജി വിൻഡ്സർ 46,735 ഇലക്ട്രിക് കാറുകളാണ് ഉപഭോക്താക്കൾ സ്വന്തമാക്കിയതെന്ന് ജെ.എസ്.ഡബ്ല്യു. എം.ജി. മോട്ടോർ ഇന്ത്യ മാനേജിംഗ് ഡയറക്ടർ അനുരാഗ് മെഹ്റോത്ര പറഞ്ഞു. ഇന്ത്യയിൽ ഒരു ഇ.വി മോഡൽ ഇതുവരെ നേടിയിട്ടുള്ളതിൽ വെച്ച് ഏറ്റവും ഉയർന്ന വിൽപനയാണിത്. പ്രതിമാസം ശരാശരി നാലായിരം യൂണിറ്റുകൾ വിറ്റഴിക്കുക എന്ന മികച്ച നേട്ടം സ്വന്തമാക്കാനും വിൻഡ്സറിനായി. ഒറ്റവർഷം കൊണ്ട് 20 ശതമാനത്തിലധികം വിൽപന വളർച്ച നേടാനായത് രാജ്യത്തെ ഉപഭോക്താക്കൾ അതിവേഗം ഇലക്ട്രിക് കാറുകൾ സ്വീകരിക്കുന്നു എന്നതിന്റെ തെളിവാണ്.

111 ശതമാനം വിൽപന വളർച്ചയാണ് കഴിഞ്ഞവർഷം എം.ജി മോട്ടോഴ്സിന് നേടിയെടുക്കാനായത്.മെട്രോ നഗരങ്ങളെക്കൂടാതെ രണ്ടാം നിര നഗരങ്ങളിലും വിൻഡ്സറിന്റെ ആവശ്യകത വർധിച്ചതായയാണ് കണക്കുകൾ കാണിക്കുന്നത്. പ്രായോഗികത, സാങ്കേതികവിദ്യ, ഭാവിയ്ക്ക് അനുയോജ്യമായ രൂപകൽപന എന്നിവയ്ക്ക് മുൻതൂക്കം നൽകി രൂപപ്പെടുത്തിയതും ഇലക്ട്രിക് വിപ്ലവത്തിൽ ടെൻഡ് സെറ്ററായതുമായ വാഹനമാണ് എം.ജി വിൻഡ്സറെന്നും അനുരാഗ് മെഹ്റോത്ര പറഞ്ഞു. 2025ൽ ഇന്ത്യയിലെ ഒന്നാം നമ്പർ വിൽപനയുള്ള ഇലക്ട്രിക് വാഹനമായി മാറിയതിൽ തങ്ങൾ അതീവ സന്തുഷ്ടനാണെന്നും 2026 കൂടുതൽ അവിസ്മരണീയമാക്കാൻ ശുഭപ്രതീക്ഷയോടെ കാത്തിരിക്കുന്നുവെന്നും അദ്ദേഹം വ്യക്തമാക്കി.




## കടമക്കുടിക്ക് വികസനക്കുതിപ്പ്;

# ഗ്രാമീണ കായൽ ടൂറിസം പദ്ധതിക്ക് 7.79 കോടിയുടെ ഭരണാനുമതി

**കൊച്ചി:** ദ്വീപിന്റെ വികസന സ്വപ്നങ്ങൾക്ക് ചിറകേകിക്കൊണ്ട് കടമക്കുടി ഗ്രാമീണ കായൽ ടൂറിസം പദ്ധതിക്ക് സംസ്ഥാന സർക്കാരിന്റെ അംഗീകാരം. 7.79 കോടി (ഏഴ് കോടി എഴുപത് ലക്ഷത്തി തൊണ്ണൂറായിരം) രൂപയുടെ ഭരണാനുമതിയാണ് പദ്ധതിക്ക് ലഭിച്ചിരിക്കുന്നതെന്ന് കെ.എൻ. ഉണ്ണിക്കൃഷ്ണൻ എം.എൽ.എ അറിയിച്ചു. ഈ സർക്കാരിന്റെ കാലയളവിൽ തന്നെ പദ്ധതിക്ക് രൂപം നൽകുമെന്നത് തിരഞ്ഞെടുപ്പ് കാലത്തെ പ്രധാന വാഗ്ദാനങ്ങളിലൊന്നായിരുന്നു. അത് പാലിക്കപ്പെട്ടതിൽ അതിയായ ചാരിതാർത്ഥ്യമുണ്ടെന്ന് എം.എൽ.എ പറഞ്ഞു.

ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഒറ്റക്കെട്ടായി പ്രവർത്തിച്ചാൽ പദ്ധതി വൈകാതെ തന്നെ യാഥാർത്ഥ്യമാക്കാനാകുമെന്നും അദ്ദേഹം പറഞ്ഞു. കായൽ സൗന്ദര്യവും ദേശാടനക്കിളികളുടെ സാന്നിധ്യവും കൊണ്ട് സഞ്ചാരികളുടെയും പ്രകൃതിസ്നേഹികളുടെയും ഇഷ്ടകേന്ദ്രമാണ് കടമക്കുടി.തനതായ ജീവിതരീതികളും ഉപജീവനമാർഗങ്ങളും പിന്തുടരുന്നവരാണ് കടമക്കുടിയിലെ ജനങ്ങൾ. ഗ്രാമീണ കായൽ ടൂറിസം പദ്ധതി വരുന്നതോടെ കടമക്കുടിയുടെ മുഖച്ഛായ തന്നെ മാറും. പ്രദേശത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും ജനങ്ങളുടെ സാമ്പത്തിക ഉന്നമനത്തിനും പദ്ധതി വലിയ മുതൽക്കൂട്ടാകും.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com